THRIKA PUBLICATION

Address: Edavannappara,
Vettathoor,Cheruvayoor Po, Pin :673645

Contact: Thrikapublications@gmail.com
/8138033530/8943650356

# പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച ഉടമ്പടി

ഈ കരാർ <YEAR> <MONTH> മാസം <DATE> തീയതി ( ) താഴെ പറയുന്ന കക്ഷികൾ തമ്മിൽ ഏർപ്പെടുന്നു:

ഒന്നാം കക്ഷി (First Party):

ത്രിക പബ്ലിക്കേഷൻസ് , പ്രതിനിധീകരിക്കുന്നത് അതിന്റെ മാനേജിംഗ് ഡയറക്ടർ

രണ്ടാം കക്ഷി (Second Party):

NAME & ADDRESS

## വ്യവസ്ഥകൾ

1. എഴുതിയതും രണ്ടാംകക്ഷിക്ക് പരിപൂർണ്ണ പകർപ്പവകാശമുള്ളതുമായ <**BOOK NAME** > എന്ന നോവൽ അച്ചടിച്ച് പ്രസിദ്ധം ചെയ്യുന്നതിനുള്ള അവകാശം അഞ്ചു വർഷത്തേക്ക് രണ്ടാംകക്ഷി ഒന്നാംകക്ഷിക്ക് ഇതിനാൽ നൽകിയിരിക്കുന്നു.
2. അഞ്ചു വർഷമാണ് ഈ കരാറിന്റെ കാലാവധി. ഈ കാലയളവിൽ പുസ്തകത്തിന്റെ പ്രസാധനാവകാശം മറ്റു പ്രസാധകർക്ക് കൈമാറുന്നതല്ലെന്ന് രണ്ടാംകക്ഷി ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു. ഈ കാലാവധിയ്ക്കുശേഷം രണ്ടാംകക്ഷിക്ക് മറ്റൊരു പ്രസാധകനിലൂടെ പ്രസ്തുത പുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണം ചെയ്യാവുന്നതാണ്.
3. റോയൽറ്റിയും പുസ്തക വിതരണവും സംബന്ധിച്ച വ്യവസ്ഥകൾ.

   അച്ചടിക്കുന്ന പുസ്തകങ്ങളുടെ റോയൽറ്റി ഇനത്തിൽ താഴെ പറയുന്ന രണ്ട് ഓപ്ഷനുകളിൽ ഒന്ന് രണ്ടാംകക്ഷിക്ക് (ഗ്രന്ഥകർത്താവ്) തിരഞ്ഞെടുക്കാവുന്നതാണ്:

Address: Edavannappara,
Vettathoor,Cheruvayoor Po, Pin :673645

Contact: Thrikapublications@gmail.com
/8138033530/8943650356

- **ഓപ്ഷൻ (എ) - സാമ്പത്തിക റോയൽറ്റി**: "പുസ്തകം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ (Published Date) കണക്കാക്കി ഓരോ ആറുമാസക്കാലയളവിലും വിറ്റഴിഞ്ഞ കോപ്പികളുടെ ആകെ മുഖവിലയുടെ (MRP) പത്തു ശതമാനം (10%) തുക ഒന്നാംകക്ഷി രണ്ടാംകക്ഷിക്ക് റോയൽറ്റിയായി നൽകേണ്ടതാണ്. ഓരോ ആറുമാസം പൂർത്തിയായിക്കഴിഞ്ഞാൽ വരുന്ന 15 ദിവസത്തിനുള്ളിൽ പ്രസ്തുത തുക രണ്ടാംകക്ഷിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതും, അതോടൊപ്പം ആ കാലയളവിലെ കൃത്യമായ വില്പനക്കണക്ക് (Sales Statement) ബോധിപ്പിക്കേണ്ടതുമാണ്."
- **ഓപ്ഷൻ (ബി) - പുസ്തകങ്ങളായുള്ള റോയൽറ്റി:** സാമ്പത്തികമായ റോയൽറ്റിക്ക് പകരം, ഓരോ പതിപ്പിലും അച്ചടിക്കുന്ന ആകെ കോപ്പികളുടെ **ഇരുപത് ശതമാനം (20%)** പുസ്തകങ്ങൾ രണ്ടാംകക്ഷിക്ക് സൗജന്യമായി നൽകേണ്ടതാണ്.

4. **അധിക കോപ്പികൾക്കായുള്ള പ്രത്യേക ആനുകൂല്യം:** "റോയൽറ്റിയായി നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങൾക്ക് പുറമെ, രണ്ടാംകക്ഷിക്ക് (രചയിതാവിന്) സ്വന്തം ആവശ്യത്തിനായി അധികം പുസ്തകങ്ങൾ ആവശ്യമായി വരികയാണെങ്കിൽ, അവയുടെ അന്നത്തെ വിപണി വിലയിൽ (MRP) 40% (നാൽപ്പത് ശതമാനം) പ്രത്യേക ഡിസ്കൗണ്ട് അനുവദിക്കുന്നതാണ്.
5. പുസ്തകത്തിന്റെ ആദ്യപതിപ്പിന്റെ **അഞ്ചുകോപ്പി** ഓഥേഴ്സ് കോപ്പി എന്ന നിലയിൽ വില കൂടാതെ ഒന്നാംകക്ഷി രണ്ടാംകക്ഷിക്ക് നല്കേണ്ടതാണ്.
6. പുസ്തകത്തിന്റെ മുഖവില, അച്ചടി, രൂപകല്പന, പേരിലുള്ള മാറ്റങ്ങൾ, ആവശ്യമെങ്കിൽ പൂർണ്ണ എഡിറ്റിങ്ങ് ഇവ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും തീരുമാനിക്കുന്നതിനുള്ള അവകാശം ഒന്നാം കക്ഷിക്കായിരിക്കും.
7. ടൈപ്പിംഗ്, ചിത്രങ്ങൾ, ഫോട്ടോകൾ, പഠനങ്ങൾ, അവതാരികകൾ എന്നിങ്ങനെ പുസ്തകങ്ങൾക്ക് വേണ്ട മറ്റു ചിലവുകൾ രണ്ടാംകക്ഷി വഹിക്കേണ്ടതാണ്.

Address: Edavannappara,
Vettathoor,Cheruvayoor Po, Pin :673645

Contact: Thrikapublications@gmail.com
/8138033530/8943650356

8. വില നിശ്ചയിക്കാനുള്ള അധികാരം: ഈ പുസ്തകത്തിന്റെ വിപണന വില (Printed Price/MRP) നിശ്ചയിക്കാനുള്ള പൂർണ്ണ അധികാരം പ്രസാധകരായ ത്രിക പബ്ലിക്കേഷൻസ് ആയിരിക്കും. വിപണി സാഹചര്യം കണക്കിലെടുത്ത് വിലയിൽ മാറ്റങ്ങൾ വരുത്താനും പ്രസാധകന് അവകാശമുണ്ടായിരിക്കും

9. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം സംബന്ധിച്ചോ ഉടമ്പടി സംബന്ധിച്ചോ എന്തെങ്കിലും നിയമനടപടികളോ വ്യവഹാരങ്ങളോ വേണ്ടിവന്നാൽ ആയതിനുള്ള സ്ഥലാധികാരാതിർത്തി **മലപ്പുറം** മാത്രമായിരിക്കുമെന്ന് ഇരുകൂക്കൂട്ടരും സമ്മതിച്ചിരിക്കുന്നു.

ഈ കരാറിലെ വ്യവസ്ഥകൾ വായിച്ചു ബോധ്യപ്പെട്ടുവെന്നും, ഇതിലെ എല്ലാ നിബന്ധനകളോടും ഇരുപക്ഷവും പൂർണ്ണമായി യോജിക്കുന്നുവെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

**ഒന്നാം കക്ഷി:**

**രണ്ടാം കക്ഷി:**

**തീയതി:**